**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2222** **11-10-2021 - ൽ മറുപടിയ്ക്ക്**

**ആരാധനാലയങ്ങളുടെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | Shri M. V. Govindan Master<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | ആരാധനാലയങ്ങൾ നിർമ്മിക്കുന്നതിന് ജില്ലാ കലക്ടറുടെ അനുമതി വേണമെന്ന വ്യവസ്ഥ എന്നാണ് കൊണ്ടുവന്നതെന്ന് വ്യക്തമാക്കാമോ; | (എ) | സമുദായ അസ്വസ്ഥത തടയുന്നതിനും നിയന്ത്രിക്കുന്നതിനും സമുദായ മൈത്രി നിലനിർത്തുന്നതിനും വേണ്ടി കേന്ദ്ര ഗവൺമെന്റ് നിർദ്ദേശിച്ച പ്രകാരമുള്ള മാർഗ്ഗരേഖകൾ ഉൾക്കൊള്ളിച്ചുകൊണ്ട് 23/09/1982-ൽ G.O.(P) No.125/82/Home നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പരിഷ്കരിച്ചു കൊണ്ട് 19/11/1991 തീയതിയിൽ പുറപ്പെടുവിച്ച G.O.(P) No.163/91/Home നമ്പർ ഉത്തരവിൽ ആരാധനാലയങ്ങൾ നിർമ്മിക്കുന്നതിന് വേണ്ട അനുമതി ജില്ലാ അധികാരികളിൽ നിന്നായിരിക്കണം എന്ന് വ്യക്തമാക്കിയിട്ടുണ്ട്. 1999-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടത്തിൽ, 21/6/2010-ൽ കൊണ്ടുവന്ന ഭേദഗതി പ്രകാരം ആരാധനാലയങ്ങളുടെ നിർമ്മാണത്തിനോ കൂട്ടിച്ചേർക്കലിനോ ജില്ലാ കളക്ടറുടെ അനുമതി ആവശ്യമാണ്. 6/6/2007 മുതൽ പഞ്ചായത്തുകളിലും ഈ വ്യവസ്ഥ ബാധകമാക്കിയിരുന്നു. |
| (ബി) | ഈ സർക്കാർ ഇതിൽ എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ? | (ബി) | 14/02/2021-ലെ G.O.(P) No.19/2021/Home ഉത്തരവ് പ്രകാരം, ആരാധനാലയങ്ങളുടെ പുതിയ നിർമ്മാണത്തിനോ നിലവിലുള്ളവയുടെ കൂട്ടിച്ചേർക്കലുകൾക്കോ അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ മുൻകൂർ അനുമതി മാത്രമേ ആവശ്യമായിട്ടുള്ളൂയെന്ന് ഭേദഗതി വരുത്തി ഉത്തരവായിട്ടുള്ളതാണ്. 2019-ലെ കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ 28/6/2021-ൽ കൊണ്ടുവന്ന ഭേദഗതി പ്രകാരം ആരാധനാലയങ്ങളുടെ നിർമ്മാണത്തിനോ കൂട്ടിച്ചേർക്കലിനോ ജില്ലാ കളക്ടറുടെ അനുമതി വേണം എന്നതു മുനിസിപ്പാലിറ്റി/ പഞ്ചായത്തിന്റെ അനുമതി എന്നാക്കി മാറ്റിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ